# കുഞ്ഞുങ്ങളെ! നിങ്ങൾക്കുവേണ്ടി



കല്ലങ്ങാട്ട്

MA
10
PAR
K

DISTRIBUTING LIBRARY
No. ........
KOTTAYAM

17497

# കുഞ്ഞുങ്ങളെ,
# നിങ്ങൾക്കുവേണ്ടി.

# KUNJUNGALE,
# NINGALAKKU VENDEE.

(Poem)

By KALLANGATTU
P. Parameswaran Nair.

2nd Edition MARCH—1971.
COPIES 1000
PRICE RE. 1.00
Published by
KERALA BOOK HOUSE KODUNGALLUR
Printed at
RAINBOW PRINTINGS KODUNGALLUR.

കുഞ്ഞുങ്ങളെ,

നിങ്ങൾക്കവേണ്ടി.

DISTRIBUTING LIBRARY
No. 17497
KOTTAYAM

കല്ലങ്ങാട്ടു്

പി. പരമേശ്വരൻ നായർ.

84596
KOTTAYAM PUBLIC LIBRARY, KOTTAYAM.

പ്രസിദ്ധീകരണം

കേരളാ ബുക്ക് ഹൌസ്,

കൊടുങ്ങല്ലൂർ.

വില 1—00

# അഭിപ്രായം

ഈ പുതിയ സുഭാഷിതത്തിന്റെ കത്താവായ ശ്രീ. പരമേശ്വരൻ നായർ ഉയൎന്നുവരുന്ന ഒരു കവിയാണു്, ബാലികാബാലകന്മാരുടെ ഹൃദയത്തിനു് ആരോഗ്യവും സൗഭാഗ്യവും ഉളവാക്കുന്ന മധുരഗുളികകളാണു്, ഈ കൃതിയിലെ മിക്ക മുക്തകങ്ങളും. നാവിൽ വീണാലലിയുന്ന ഈ മുക്തകങ്ങൾ കുട്ടികൾക്കു് അത്യന്തം ഹൃദ്യങ്ങളായിത്തീരാതിരിക്കയില്ല. ആത്മാഭിമാനവും കൎമ്മൗത്സുക്യവും സ്വഭാവമാധുൎയ്യവും ഉളവാക്കുവാൻ ഉതകുന്ന ഈ സുഭാഷിതങ്ങൾക്കു പ്രചാരവും പ്രശസ്തിയും ലഭിക്കുമെന്നാണു് എന്റെ വിശ്വാസം.

—ജി. ശങ്കരക്കുറുപ്പ്.

# കുഞ്ഞുങ്ങളെ,
# നിങ്ങൾക്കുവേണ്ടി.

## ഒന്നു്

കയ്യിൽ കരിവഹിപ്പോരെൻറ
കാൽചങ്ങലയകററുവാൻ
കാരുണ്യം കരളിൽ തിങ്ങും
ഭൂതധാത്രിക്കു കൈതൊഴാം. 1

അമ്മ തൻകുഞ്ഞിനോടോതീ
നന്മനേടേണ്ട ബുദ്ധിയെ
വെണ്മണൽത്തിട്ടപോൽശുഭ്ര-
മാംമനസ്സിൽ പതിഞ്ഞീടാൻ 2

മകനേ! കാ കാൺക നമ്മൾക്കു
കഞ്ഞി ഒന്നായി വച്ചു നാം
തിരിച്ചുനല്കീ നിങ്ങൾക്കു-
ത്താററക്കൂററസ്സുനേരെയായു് 3

നമ്മുടെ-യെൻറ-നിൻറതായ്
നമ്മൾ മൂന്നായ് തിരിഞ്ഞുപോയ്
അവിടംതൊട്ടുദിക്കുന്നു
സ്വാർത്ഥമെന്നൊരു ദോഷവും. 4

കൈവശം കിട്ടിയാലൊന്നും
നീ തിരിച്ചുകൊടുക്കുമോ
കൊടുക്കാൻചൊല്ലിയാൽ വാശി-
യെടുക്കും സ്വാർത്ഥചിന്തയാൽ. 5

ജന്മഗേഹമതായിടാ_
മോരോകാൎയ്യം പഠിക്കുവാൻ
ആദ്യവിദ്യാലയം, മൎത്ത്യ-
നഛരനമ്മഗ്ഗുരുക്കളും. 6

സത്യമോതുവതാം നാവിൽ_
സന്തോഷത്തോടു നിത്യവും
വിദ്യയും ലക്ഷ്മിയും ചേൎന്നു
വിലസുന്നു ധരിക്കണം. 7

അന്യൎക്കു ഹിതമായ്ത്തന്നെ
തൻകാൎയ്യം നേടിടും പുമാൻ
ജീവിക്കുവാൻ പഠിച്ചുള്ള
ജീവിയെന്നറികെപ്പൊഴും. 8

അന്യൎക്കഹിതമായ് ചെയ്യും
കൎമ്മത്താൽ സ്വയമേവനാം.
പാപവും പരമാപത്തും
വരുത്തുന്നു നിരന്തരം. 9

ഐഹികസൎവ്വസൌഭാഗ്യം
സ്നേഹത്തിൽനിന്നുദിച്ചിടും
സ്നേഹത്തിൻ ഫലവും സ്നേഹം
സ്നേഹംതാൻ സൎവ്വസൽഗ്ഗുരു. 10

അഹോരാത്രം പ്രയത്നിക്ക
അഭ്യുന്നതിയതിന്നുനാം
ആയുസ്സുവെടിയുംനേരം
വിശ്രമസ്ഥാനമേറിടാം. 11

രണ്ടുകൈകളെന്തിനാണെന്നോ
സ്വന്തദേഹംപുലർത്തുവാൻ
വേണ്ടപോൽവേലചെയ്തീടാൻ
പരാശ്രയവിഹീനരായ്. 12

ആതുരൎക്കഭയം നൽകാൻ
ആവതും ദാനമേകുവാൻ
രോഗിയെ പരിപാലിപ്പാ-
നാകുന്നുകരയുഗ്മകം. 13

പരോപകാരമായുള്ള
പാണികൊണ്ടുപരസ്പരം
പടവെട്ടി മരിച്ചാലോ
പാരിടം പാപപൂൎണ്ണമാം. 14

പൌരുഷംകൊണ്ടു ലോകങ്ങൾ
പതിന്നാലും ജയിച്ചിടാം
ഭീരുവാമവനോസ്വന്തം
വീടുപോലും ഭയാനകം. 15

മൎത്ത്യജീവിതമാൎഗ്ഗത്തെ
മത്തമാക്കിചമയ്ക്കൊലാ.
നന്മനേടിസ്സുഖിച്ചീടാൻ
നമ്മളെന്നും ശ്രമിക്കണം. 16

മനോ , വാ, കായ, കൎമ്മത്താൽ
പാപംചെയ്യാതിരിക്കണം
മനുജൻ, മൎത്ത്യനായീടാൻ-
മനഃശ്ശുദ്ധിമഹാഗുണം. 17

ഭീതിദം നിഴലും കൂടി-
ഭീരുവിന്നുധരിക്കണം.
ഭുവനംമുഴുവൻനേടി-
യെന്നാലും ഭീൻ ഭീരുതാൻ. 18

ശൈശവംതൊട്ടുനേടേണം
ധൈര്യമെന്നമനോഗുണം.
അതിനുള്ളൊരുമാർഗ്ഗത്തെ
അറിവാനാഗ്രഹിക്കണം. 19

ഭയമേകുംപദംപോലും-
കുഞ്ഞിനോടച്ഛനമ്മമാർ
ഓതൊലാ, പിന്നെയോ കള്ള-
ക്കഥചൊൽവതു കഷ്ടമാം. 20

വീരവൃത്താന്തമോതേണം
വീര്യവാനായ് ഭവിക്കുവാൻ
വീതശങ്കംവളർത്തേണം
വിശേഷാൽ ദൈവഭക്തിയെ 21

വിശ്വപൌരനമായ്ത്തീരാൻ
വിശ്വാസം സംഭരിക്കണം.
ശൈശവം തൊട്ടതിന്നായി-
ശീലിക്കാൻ നാം ശ്രമിക്കണം 22

ലോകമാകെയെതിർത്താലും
ശോകഭാവമിയന്നിടാ
ധീരമാനസനെന്നുംതൻ-
ധീ, വെടിഞ്ഞു നടന്നിടാ. 23

അമ്മയാണേതുകുഞ്ഞിന്നു_
മാദ്യമെത്ത ഗുരുനാഥയും
തന്മുലപ്പാലിൽ നിന്നാണു
സർവ്വവും സംഗ്രഹിപ്പതും 24

പിതാവിൻ ശിക്ഷണംപിന്നെ_
പൈതൃകം ജന്മവാസന
പലതുണ്ടുനമുക്കെന്നും
പൌരനായ് തീരുവാൻവഴി 25

വീടിൻ പരിസരം നിത്യം_
ശുചിയായ്‌വച്ചുകൊള്ളണം.
മലമൂത്രാദി സർവ്വം നാം
ദൂരവെ സന്ത്യജിക്കണം 26

ഫലത്തിൽനിന്നു വൃക്ഷത്തിൻ
മാഹാത്മ്യമറിയുന്നപോൽ
അറിയാം കുഞ്ഞിൽനിന്നച്ഛ_
നമ്മമാർ തൻ മനോഗുണം. 27

എത്രയോ ദൂരെയാം വിദ്യു_
ച്ഛക്തിദീപം കണക്കിനെ
കുട്ടിയിൽനിന്നു ഗുരുവിൻ_
സ്വഭാവങ്ങൾ ഗ്രഹിച്ചിടാം. 28

കണ്ടമാനം തുപ്പുകയോ_
കണ്ടകണ്ടാൽ വിതയ്ക്കയോ
ചെയ്താലാ ശുചിയില്ലാതെ_
വന്നാൽ രോഗം ഭവിച്ചിടും 29

ക്രമീകരണവും വേണം
കൃത്യനിഷ്ഠയു, മെങ്കിലേ.
കൃതകൃത്യത നേടിസൽ—
കൃതരായ് നാം ഭവിച്ചിട്ടു, 30

ശരീര സുഖമുള്ളോനു—
സർവ്വവും സംഭരിച്ചിടാം
ആയുരാരോഗ്യസൗഭാഗ്യം
ദിവ്യാനുഗ്രഹമൂഴിയിൽ 31

അരോഗ ദൃഢഗാത്രനു—
നരകം നാകതുല്യമാം
നാകവും നരകംതന്നെ
രോഗിയായി ഭവിക്കുകിൽ. 32

വിദ്യ, വിത്തം, ഗുണം, രൂപം—
സദ്യശസ്സിവയൊക്കെയും
ആതുരന്നൊരുകാലത്തു—
മാമോദകരമായിടാ. 33

പണമുണ്ടാകുവാൻമാർഗ്ഗം—
പലതാണു ധരിത്രിയിൽ
സത്യമാകിയ മാർഗ്ഗത്തെ
സത്തമൻ സ്വീകരിച്ചിടും 34

തീരത്തുഫലവൃക്ഷങ്ങൾ
പാലിക്കും പുഴനീരിനാൽ
ദൂരത്തു വയലന്വേഷി—
ച്ചോട്ടും തോട്ടുകരംമൂലമായ് 35

സജ്ജനങ്ങളവിശ്രാന്തം—
ശ്രദ്ധിപ്പൂ ലോകരക്ഷയെ.
ജീവിതംപരമാൎത്ഥത്തിൽ—
ജീവികൾക്ക പരമാൎത്ഥമാം 36

17497

നിലയെങ്ങനെതാണാലും—
നിലവിട്ടിളകാദൃഢം.
മഹാന്മാർ, വിപദിസ്ഥൈൎയ്യം—
മനസ്സിന്നു വിഭൂഷണം 37

മാൎഗ്ഗണശ്രമമേവൎക്കും—
മാൎഗ്ഗമെന്നത്യമേകുവാൻ
മാറിടൊല്ലൊരുകാലം, സ—
ന്മാൎഗ്ഗപാതയിൽനിന്നുനാം, 38

വിശേഷ ബുദ്ധിയാവശ്യം—
വിശ്വസിപ്പാൻ പരസ്പരം
വിശ്വാസംതന്നെ മൎത്ത്യന്നു—
വിശ്വോത്തര മഹാഗ്ഗുണം. 39

വിശന്നുവലയുന്നോൎക്ക—
ന്നാഹാരം നൽകിടും പുമാൻ
സൎവ്വജീവിയിലും വച്ചു
ശ്രേഷ്ഠനെന്നറികെപ്പൊഴും. 40

"ദേഹി" യെന്നരുളചെയ്‌വോന്റെ—
ദേഹിമാനഭയത്തിനാൽ
പിളരുന്നു സദാലജ്ജ—
അവനെ പിൻതുടൎന്നീടും. 41

വയററിന്റെവിശപ്പേതു-
നിയമങ്ങളെയും സദാ
നിയതം സംഹരിക്കുന്നു
ഭയവും പാപചിന്തയും. 42

സർവ്വദോഷമപഖ്യാതി-
സർവ്വദാതേഞ്ഞുമാഞ്ഞിടാൻ
ഏകസിദ്ധൌഷധം ദാന-
മാകയാൽ ദാനമേകുക. 43

വിശപ്പങ്ങിനെ മുന്നോട്ടും-
ലജ്ജയങ്ങിനെ പിന്നിലും
വലിച്ചീടുമ്പോഴും മദ്ധ്യത്തിൽ
നിർദ്ധനൻ നിൽപ്പൂ ദീനനായ്. 44

അറിഞ്ഞുദാനമേകുന്നോ-
നുത്തമൻ, മദ്ധ്യമൻ സദാ-
ച്ചോദിച്ചേകുന്നി, തധമൻ-
ച്ചോദിച്ചാലും കൊടുത്തിടാ, 45

ഒരുപാൺവയർപോററീടാ-
നോടിയോടിക്കിതച്ചാലും,
ഒട്ടുനിർദ്ധനനേകീടി-
ലവനേററമനുഗ്രഹം. 46

വിട്ടുപോമൊരുകാലത്തു-
വിത്ത, മൈശ്വര്യമസ്ഥിരം.
കൂട്ടിവയ്ക്കേണ്ടസമ്പത്തു-
കൂട്ടുകാർക്കു പകുക്കുക. 47

സൌരഭം കാററിലെന്നോണം
സദ്യശസ്സു പരന്നിടും
ഗുണിമാർക്കുഴിയിൽ, താനേ–
ഗുണവാനായ് ഭവിക്കണം. 48

സംശയിക്കുക, ചിന്തിക്കു–
അന്വേഷിക്കുക നിത്യവും
ബുദ്ധിതൻഗുണമീമൂന്നു–
തത്വമെന്നുധരിക്കണം. 49

വിനയം ജീവിതത്തിന്റെ
വിജയത്തിന്നുകാരണം
വിമലം സ്വാന്തമായ്ത്തീരാൻ
വിരവോടഭ്യസിക്കണം. 50

ആരിലും താഴെ ഞാനെന്ന–
ഭാവമാണുയരാൻ വഴി
ആരേയും ബഹുമാനിക്കാ–
നായി നാം ശ്രദ്ധവയ്ക്കണം. 51

പരോപകാരം ചെയ്യീടാൻ–
പലമാർഗ്ഗം ധരിത്രിയിൽ
പരിശ്രമഫലം പാഴി–
ലാകയില്ലൊരുനാളിലും. 52

അച്ഛ, നമ്മ, ഗുരുക്കന്മാർ–
സ്നേഹിതന്മാർ, സഹോദരർ
ഇവരങ്ങനെയുള്ളപ്പോൾ
പാരിടം സ്നേഹശൂന്യമോ. 53

മനസാ, കമ്മണാ, വാചാ-
പരദ്രോഹം ത്യജിക്കണം
പാപകമ്മവിമുക്തിക്കായ്
പരനെസ്സേവചെയ്യണം. 54

നല്ലവാക്കോതിടുന്നോൻെറ-
നാവിൽവാണു സരസ്വതി
നരകങ്ങളിൽനിന്നെന്നു-
മവനെ കരകേററിടും. 55

സമസൃഷ്ടികളിൽ സ്നേഹം-
സമഭാവന, യാദരം
സഹതാപമനോഭാവം-
സവ്വവും സംഭരിക്കണം. 56

ഭൂതകാരുണ്യമൊന്നാലേ-
പൂതമാകും ഹൃദന്തരം
ഭൂതഭാവികാനോക്കാതെ-
ഭൂതിക്കായ് വേലചെയ്യണം. 57

ആശയാം കയറിൽത്തൂങ്ങി-
യാശ്വസിപ്പൂഹൃദന്തരം
ആശയം ഫലമായ്ത്തീരാൻ-
നിശ്ചയം വേലചെയ്യണം. 58

ഉപകത്താവെനിന്ദിയ്ക്കോ-
ല്ലുപകാരം മറക്കൊലാ,
അപമാനകരം നീചം-
മദ്യപാനം തുടങ്ങൊലാ. 59

17497

നാളേയ്ക്കു നീട്ടിവയ്ക്കാതെ–
നാമെന്നും വേലചെയ്യണം
നന്മനല്കുവതിന്നീശൻ
നമ്മൾക്കു തുണയായ് വരും. 60

പൂങ്കോഴി പുലരുംനേരം–
പുണ്യകാഹളമൂതവേ,
പൊന്നിൽമുങ്ങികളിച്ചൂഴി–
നീണ്ടുനീർന്നു കിടക്കവേ, 61

ഉത്സാഹം മിത്രമാവോനു–
സർവ്വംവശഗമാകവേ,
ആരോഗ്യംസ്വശരീരത്തി–
ന്നഴകേററമിയററവെ, 62

പുമാനായ് തലപൊക്കീടാൻ
പൌരുഷം മുന്നിൽനില്ക്കവെ,
മററുള്ള ധനമീമന്നിൽ–
മർത്ത്യന്നാവശ്യമാകുമോ. 63

അന്യൻെറ മുതൽയാതൊന്നു–
മാശിക്കില്ലൊരുകാലവും
വെറുതേയതുപോലൊന്നും
ധൂർത്തടിക്കില്ലസത്തമൻ 64

മററുള്ളവിഭവത്തേക്കാൾ
ആയുരന്തംവരെയ്ക്കു നാം
വച്ചുപോരേണ്ട ധനമാ
ണഭിമാനം ധരിക്കണം 65

മരണത്തിലുമത്യുഗ്ര
സമരത്തിലുമെന്നുമേ
ചരണം കുഴയുന്നീലാ
അഭിമാന ധനിക്കഹോ. 66

പരനിന്ദ, യപഖ്യാതി
പറകെന്നുംപരസ്പരം
പകവീട്ടുകയിത്യാദി
പലതും നാം ത്യജിക്കണം 67

നിത്യവുംചെയ്ത കര്‍മ്മങ്ങള്‍
നിദ്രയ്ക്കായയറപ്പുകവേ,
സ്വന്തമായി വിമര്‍ശിച്ചു
സ്വാന്തം നിര്‍മ്മലമാക്കണം 68

മനഃസാക്ഷിയകക്കാമ്പില്‍
മാര്‍ഗ്ഗദീപം തെളിക്കവേ,
മറിച്ചൊന്നു പറഞ്ഞാലോ
മര്‍ത്ത്യനും മൃഗവും സമം. 69

ഈശ്വരന്‍ സാക്ഷിയായ്നില്ക്കേ-
പാപകര്‍മ്മങ്ങള്‍ ചെയ്യുവാന്‍
ആക്കുതോന്നും മനക്കാമ്പില്‍-
സമസ്തഷ്ടികളൊക്കെയും. 70

ചിത്തശുദ്ധിയെഴും മര്‍ത്ത്യ
നുത്തമന്‍ പൂര്‍ണ്ണഭാഗ്യവാന്‍
സര്‍ഗ്ഗശക്തി ധരിപ്പോനും
സ്വര്‍ഗ്ഗപ്രാപ്തിക്കമര്‍ഹനാം. 71

ദേഹി ദേഹത്തിനാലംബം
ദേഹത്തിന്നണിയംബരം
സ്നേഹമൈഹികദീപം, ഹാ
സ്നേഹിച്ചീടാൻ പഠിയ്ക്കു നാം. 72

പ്രപഞ്ചം നിലനില്ക്കുന്നു
ദൈവത്തിന്നാജ്ഞ കേൾക്കയാൽ
പ്രകാശം പ്രവഹിക്കുന്നു
ഗോളങ്ങൾ നിലനില്ക്കയാൽ. 73

ഈശ്വര സ്മരണം നമ്മളെ-
ളേല്ക്കുന്ന വസ്തുക്കളൊരിക്കലും
ശാശ്വതം തൽപദം ചേരാൻ
എളുപ്പമഹോ ദൈവനിശ്ചയം! 74

കുളിച്ചു കുറിയിട്ടെന്നും
ജപിക്ക തിരുനാമവും
ജനിച്ചഫലമുണ്ടാവാ-
നനർഘമതുകാരണം. 75

ജനനം തൊട്ടുനമ്മെപിൻ-
തുടരും ഛായപോലവേ
മരണം, തൽഭയംപരിക്ഷ-
ഹരണം ചെയ്യുവതീശ്വരൻ. 76

അന്തഃകരണസംശുദ്ധി-
മഹാത്മാവിൽ ഭവിക്കയാൽ,
അഹിംസാസമരത്തിങ്കൽ-
ഭാരതം വിജയിച്ചപോൽ! 77

സാദര സുഖസൌഭാഗ്യം
സദാ, ചാരത്തമന്നീടും
സദാചാര മനസ്സുകൾ—
സഖാക്കളറികെപ്പോഴും 78

ജന്മഭൂമി നമുക്കമ്മ—
ജന്മദൻ താതനീശ്വരൻ
കാണ്മതോ സമസൃഷ്ടങ്ങ—
ളെന്നു നമ്മൾ ധരിയ്ക്കണം. 79

തന്നിലുള്ളൊരു കുററങ്ങൾ—
കാണാതെ പരദൂഷണം
ചൊന്നിടുന്നവനത്യന്തം
നികൃഷ്ടനറികെപ്പോഴും. 80

എല്ലാം തികഞ്ഞു വിശ്വത്തി—
ലില്ലാസൃഷ്ടിയിലൊന്നുമേ,
ചൊല്ലാൻ നാവുയരാ ധന്യ—
ർക്കില്ലാത്ത പരദൂഷണം. 81

മാരിവില്ലു, മഴക്കാറു—
താരകങ്ങൾ, വിയൽപഥം
പൂനിലാവി, വയിൽ ദൈവ—
മാഹാത്മ്യമറിയുന്നു നാം. 82

എന്തൊരത്ഭുത സൌന്ദര്യ—
മുദയാസ്തമയങ്ങളിൽ
ഹന്തകാണ്മൊരു കണ്ണേ! നിൻ
ജന്മം സഫലമല്ലയോ, 83

ഉദിപ്പൂ പ്രാചിയിൽ സൂര്യൻ–
അസ്തമിപ്പൂപ്രതീചിയിൽ
നിയതം നിയതിക്കുള്ള–
നിയമം നിലനിന്നിടും. 84

ചരാചരങ്ങൾ സർവ്വസ്വ–
മേതുശക്തിക്കു കീഴിലായ്
നിലനിന്നിടുമശ്ശക്തി–
ക്കീശനെന്നോതി ചിന്തകർ 85

വാഹനം വഴിയാത്രയ്ക്കു–
പോലവേ സ്വന്തമായിടും
ഗേഹവും ധനവും, പക്ഷേ–
സ്നേഹമേറ്റമനശ്വരം. 86

സർവ്വജീവിയിലുൽകൃഷ്ടൻ–
നരനെതീർത്ത നാന്മുഖൻ
അനുഗ്രഹിച്ചു വിശ്വത്തെ
വിസ്മയസ്തബ്ധമാക്കിനാൻ. 87

ജനനംതൊട്ടു കാക്കുന്നു–
മരണം വരെയീശ്വരൻ
സ്മരണംതന്നെ താപാബ്ധി–
തരണം ചെയ്യുവാൻ തരം. 88

സ്ഥിരപ്രയത്നമുയരാ–
നേവനുംവഴിയേകവേ
തിരഞ്ഞിടേണമോ മാർഗ്ഗം–
മഹാനായി ഭവിക്കുവാൻ. 89

മററുള്ളോരുയരാൻവേണ്ടി
സാഹസാൽ പണിചെയ്യുവേ,
മററുംമൂഢനസൂയാഗ്നി-
കൊണ്ടുനീറുന്നു ഹൃത്തടം 90

ഋതുക്കളാറുമുണ്ടെന്നാൽ
ശരിക്കു ക്രമമായ് വരും
ഇടയ്ക്കു പകലും രാവും
കൃത്യനിഷ്ഠയിൽ വന്നീടും 91

കരയും, കടലും ചുററും-
കരയും പക്ഷിവൃന്ദവും,
കരളിൽ കൗതുകംചേർത്തു-
വിരിയും സുമരാജിയും. 92

ഒഴുകും പുഴയും, തണ്ണീർ-
ത്തെളിയും കുളവും സദാ-
ഇളകും കുളിർകാററും, മ-
ഞ്ഞണിയും മാമരങ്ങളും. 93

കനകച്ചാറിലാറാടി-
കതിർതിങ്ങുന്ന പാടവും
കറുത്തിരുണ്ടുമിന്നുന്ന
കായലും, കാനനങ്ങളും. 94

നീല നീരദ സങ്കാശ-
ശ്യാമളമതാന ഭംഗിയും
നീരലർക്കന്യയാം നൃത്ത-
മാടുമോമൽ ഗൃഹങ്ങളും. 95

സ്തുത്യർഹ സുഖസംപ്രാപ്തി–
ക്കത്യന്തമനുകൂലമായ്,
പ്രത്യഹം കാണുമ, ക്കാഴ്ച–
ഹൃത്തിനാനന്ദമല്ലയോ. 96

DISTRIBUTING LIBRA[RY]
No. 96
KOTTAYAM

സ്വേദവാരിയൊഴുക്കീടിൽ–
ഭൂതിദാനൈകലോലയായ്
ഭൂതധാത്രി വിരാജിപ്പൂ–
മേദിനീദേവി നിത്യവും. 97

ദരിദ്രൻ നരകത്തിങ്കൽ–
താമസിക്കുന്നു ദീനനായ്
ധനികൻ വാനിലും, പക്ഷേ–
കാണ്മൂ, നാ, മിവ ഭൂമിയിൽ. 98

പ്രവൃത്തിചെയ്‌വോനു സമ്പൂർണ്ണ–
സൗഭാഗ്യം കൈവരും ദൃഢം,
ആലസ്യത്തിൽ കിടപ്പോനെ–
ആദരിക്കില്ല ലക്ഷ്മിയും. 99

കുന്നും കുഴിയുമെന്നോണം
രാവുംപകലുമെന്നപോൽ
മാറിമാറിവരുംനിത്യം–
സുഖദുഃഖങ്ങളൂഴിയിൽ. 100

കരച്ചിൽവേണ്ട ദുഃഖത്തിൽ
സുഖത്തിൽ തീവ്രമോദവും
രണ്ടേററവും കണ്ടിടാത്ത–
തല്ലി മാനവ ജീവിതം. 101

എങ്ങുനിന്നു വരുന്നു നാ-
മെങ്ങുപോകുന്നുവെന്നതും
അനിശ്ചിതമകക്കാമ്പിൽ
ആരാധിക്കണമീശനെ. 102

സൃജനങ്ങളിടും നാമ-
മേവനും നിലനിന്നിടും
നിജമാതാവിടും നല്ല-
പേരു, പേരിന്നുമാത്രമാം. 103

പരസ്സഹസ്രം പാപത്താൽ
ഭാരമേറുന്ന ഭൂമിയെ
പാലനം ചെയ്‌വൂ മർത്ത്യന്റെ
പാവനം പാണി പല്ലവം 104

തന്നെത്താനറിയാത്തോൻ
പിന്നെത്താനറിയാം ദൃഢം
എന്നവാക്കിൻമഹത്തത്വ-
മാലോചിക്കുക സൽപുമാൻ. 105

മനസ്സിൻ സൃഷ്ടിയാണല്ലോ-
മനുഷ്യന്നനുഭൂതികൾ,
നിലയ്ക്കുതിനെ നിർത്തീടിൽ-
നിലയ്ക്കും ഭവയോധികൾ 106

സത്യവും ധർമ്മവും രണ്ടു-
സഖിമാരുണ്ടു ഹൃത്തടം
സത്വരം കാത്തുസൂക്ഷിപ്പാൻ
സത്വമാദി ഗുണങ്ങളും. 107

ഉപദേശമകക്കാമ്പി–
നേകുന്ന സഖിമാരിവർ
ഉപകാരമതെല്ലാംനാം–
ഉപയോഗത്തിലാക്കണം 108

അന്തരാത്മാവു സൂക്ഷിക്കും
ബന്ധുവാമഗ്ഗുണങ്ങളെ
ഹന്ത പിൻതുടരുന്നാകി–
ലെന്തെന്തു സുഖമാർന്നിടാ 109

കരളും മൃത്യുവിൽ ഭീതി–
കലരും നമ്മളോടവേ
കരളിൽ സാന്ത്വനം ചേർത്തി–
ട്ടഭയം നല്കുവോരിവർ 110

ലോകമായ കുടുംബത്തി–
ലേകോദരസഹോദരർ
ഏവരും നമ്മളെന്നോർത്താൽ
കൈവരുംപൂർണ്ണഭാവുകം. 111

☆

## രണ്ടു്.

അമ്മയെന്നപദത്തിന്റെ
മഹത്വമറിയും പുമാൻ
ധന്യനാണാകയാൽപെറ്റൊ–
രമ്മയെക്കൈകതൊഴുന്നുഞാൻ. 1

സ്നേഹവും ത്യാഗവുംകൊണ്ടു
ജീവിതത്തിലുയർന്നിടാം
എന്നതത്വംപഠിപ്പിച്ചൊ–
രമ്മയെക്കൈകതൊഴുന്നുഞാൻ 2

എന്റെ ജീവിതസൗഭാഗ്യം
തന്റെ സർവ്വാഭിലാഷവും
എന്നതത്വം പഠിച്ചുള്ളൊ–
രമ്മയെക്കൈകതൊഴുന്നുഞാൻ 3

പത്തുമാസം ചുമന്നുള്ള
പെറ്റൊരമ്മയെയാദ്യമായ്
നിത്യവും കൈകവണങ്ങേണ–
മതിനാലേഗ്ഗുണംവരൂ 4

വിശപ്പുത്രസഹിക്കുന്നി–
തമ്മനമ്മളെയൂട്ടുവാൻ
വിഷമങ്ങൾ സഹിക്കുന്നി–
തമ്മ, നമ്മെ പുലർത്തുവാൻ 5

നിസ്വാർത്ഥസേവനം തന്നെ
നിശ്ചയം മാതൃജീവിതം
പുത്രാഭ്യുന്നതിയാൽപൂർണ്ണ
തൃപ്തിതേടുന്നിതമ്മമാർ 6

മലമൂത്രങ്ങളുമായുള്ള
മലിനം നിജശയ്യയിൽ
മലർന്നുള്ളകിടപ്പെത്ര-
മഹാകഷ്ടംനിനയ്ക്കുകിൽ 7

മരണത്തിൻ മടിത്തട്ടിൽ
നിന്നുകേറിയമാതിരി
പെററുനോവുനമുക്കായി
സഹിപ്പൂജനയിത്രിയാൾ 8

അമ്മയ്ക്കുഹിതമായുള്ള
കർമ്മംചെയ്യാതിരിയ്ക്കുകിൽ
ജന്മസാഫല്യമുണ്ടായി
ധന്യരായ് നാംഭവിച്ചിടും 9

എത്രജന്മംകഴിഞ്ഞുള്ളീ
മർത്ത്യജന്മം മനോഹരം
അത്രനല്കിനമുക്കീശ_
നത്യനല്പമിതോർക്കണം. 10

കൈവന്നൊരുമഹാഭാഗ്യം
കളയാതെയിരിയ്ക്കുവാൻ
കൈതവംവിട്ടുദൈവത്തിൻ
കഴൽക്കൂപ്പിവണങ്ങണം 11

ഗർഭപാത്രത്തിൽനിന്നംത_
ന്നർഭകന്റെമുഖാംബുജം.
കാണവെപുഞ്ചിരിക്കൊൾവൂ
സർവ്വദുഃഖംമറന്നവൾ 12

അമ്മയെന്നപദത്താൽസ്ത്രീ-
യെന്നുമാരാധനീയയായ്
നിൎമ്മലംനിലനില്ക്കുന്ന
ഭൂമിയുള്ളൊരുനാൾവരെ 13

കലപ്പയേന്തുന്നകൈയാലേ
ഫലസസ്യസമൃദ്ധയായ്
മേവിച്ചുനമ്മെരക്ഷിപ്പ-
തമ്മയാംഭൂതധാത്രിയാം 14

പെററമാതാവുഭൂദേവി-
പോററീടുന്നതുകൎഷകൻ
ഉററബന്ധുക്കൾസന്മാൎഗ്ഗ-
പ്രതിപാദകശീലവും 15

വീരപ്രസൂജയിക്കുന്ന
വിശ്വത്തിലഭികാമ്യയായ്
നാരീജന്മംവെറുക്കുന്ന
ദുഷ്പുത്രരുളവാകയാൽ. 16

വല്ലാത്തസുതരേക്കാളു-
മില്ലാത്തസുതരേററവും
നന്മയമ്മയ്ക്കുനല്കീടു-
മെന്നവാക്യംപ്രസിദ്ധമാം 17

മനസാകൎമ്മണാവാചാ-
മാതാവിനെമറക്കൊലാ
മടിക്കരുതുവന്ദിപ്പാൻ
മഹനീയംപാദപങ്കജം. 18

ആപത്തിലേററംശോഭിപ്പൂ
മഹാന്മാരുടെജീവിതം
തീയിൽവീണാലിരട്ടിയ്ക്കു-
ന്നകിലിൻെറസുഗന്ധവും 19

സമ്പത്തിൽമദമില്ലാത്തോ-
നാപത്തിൽഭയമററവൻ
അടരിൽപിൻമടങ്ങാത്തോ-
നലങ്കാരംധരിത്രിയിൽ 20

സദ്ഗുണങ്ങൾതികഞ്ഞുള്ള
മക്കളെപ്രസവിയ്ക്കയാൽ
അനശ്വരയശസ്സുന്നു-
മാജ്ജിപ്പൂഭൂതധാത്രിയാൾ 21

അപ്രിയംപറയൊല്ലാർക്കും-
പ്രിയമേററംകഥിയ്ക്കണം
നിഷ്കളങ്കസ്വഭാവത്തിൽ
പെരുമാറാൻപഠിയ്ക്കണം 22

മരങ്ങളിളകുംകാററി-
ലിളകുന്നിലപർവ്വതം
പരദൂഷണമേററാലും
പരചിത്തംകലുങ്ങിടാ 23

സന്തോഷത്താൽവിളങ്ങീടും
മുഖമേറേംമനോഹരം
ഹന്തജീവിതസൌഭാഗ്യ-
മവനേകൈകവർദ്ധനം 24

ആഹ്ലാദംഹൃത്തിനുള്ളപ്പോ—
ളാരോഗ്യമുളവായ്‌വരും
ആയുസ്സുമഴകുംനമ്മൾ—
ക്കന്നേവാസരമേറിടും. 25

മാതൃഗർഭത്തിൽനിന്നുംഞാൻ
ജാതനായിതുഭൂമിയിൽ
എനിക്കുജന്മംതന്നോരെ—
ന്നച്ഛനെകൈവണങ്ങുവാൻ 26

കാരുണ്യമിയലുംനേത്രം—
സന്തോഷംപൂണ്ടോരാമുഖം
അച്ഛമാനസനായീട
മച്ഛനെകണ്ടുമുൻപിൻഞാൻ 27

പ്രത്യക്ഷദൈവതംതാതൻ
പ്രത്യക്ഷരമിതാകവെ
എത്രയുംസത്യമാണെന്നു
ഹൃത്തിലോർത്താദരിക്കണം 28

ജന്മമേകിയൊരച്ഛന്റെ
നന്മതൻപ്രിയ്‌രൂപമായ്
എന്മനസ്സിൽതെളിഞ്ഞീടാ—
ന്നെന്നുമാശിസ്സുനല്കണം. 29

കൺതുറന്നൊരുനേരത്തു
കണ്ണികണ്ടൊരുവിഗ്രഹം
കളങ്കംകളവാമനന്റെ—
കരളിൽകളിയാടണം 30

KOTTAYAM PUBLIC LIBRARY
KOTTAYAM.

എത്രദാരുണമാര്യകളെല്ലാ-
രക്ഷ്യാനംചെയ്തുനമ്മളെ
ശ്രദ്ധയാൽപരിപാലിപ്പ-
തച്ഛനാണെന്നതോർക്കണം 31

ആഹാരംവസ്ത്രവുംനല്ലാ-
നാധാരംതാതനല്ലയോ
ആരാണവരെരക്ഷിപ്പാ-
നാരാദ്ധ്യൻതന്നെയീശ്ശര 32

84596

ഉടമുണ്ടില്ലുടൻതുങ്ങി-
കരയുന്നൊരുകുഞ്ഞിനെ
കരളിൽകൌതുകംപൂണ്ടു
കനിവോടമ്മവച്ചുടൻ 33

അന്തരംവിട്ടുതാലോലി-
ച്ചുംഗകത്തിങ്കലേററവെ,
ഹന്ത, നിർവൃതിയാളുന്ന
പുരുഷൻപൂർണ്ണഭാഗ്യവാൻ, 34

പൊടിമണ്ണിലുരുണ്ടിട്ടു-
മടിക്കൂടാതെവന്നുടൻ
മടിയിൽകരമേറീട്ടു-
മരുമക്കപ്പതലിൻകളി 35

കൺകളിത്തിടവെകണ്ടു-
കലിതാദരകൌതുകം
കരളിൽ സുഖമേറുന്ന
പുരുഷൻ പൂർണ്ണഭാഗ്യവാൻ 36

കൊച്ചുകാലടിയാൽനീളെ_
പ്പിച്ചവച്ചുനടന്നിടും
കൊച്ചുകുഞ്ഞുങ്ങളില്ലാത്ത
വീടുപോലും ഭയാനകം. 37

മാറിലാശ്ശിശുവിൻപാദം
മാറിമാറിപ്പതിയ്ക്കവെ
മാലകന്നുവിളങ്ങിപ്പൊൻ-
മാലചാർത്തിയമേദിനി 38

ശ്രീവത്സത്താൽഹരിക്കൊപ്പം-
ശ്രീവത്സലപദങ്ങളിൽ
ശ്രീദയാം വസുധാദേവി
സർവ്വദാരം ധന്യയായ് 39

പുത്രദുഃഖം ഭവിയ്ക്കാത്ത
മർത്ത്യജന്മം ലഭിയ്ക്കുകിൽ
എത്രധന്യ,മതിന്നായ്നാം
പ്രാർത്ഥിച്ചീടണമീശനെ 40

മക്കളില്ലാത്തദുഃഖത്താൽ
മുററുമാധികലൻനുടൻ
മരിയ്ക്കും മനുജന്നുണ്ടോ
മുക്തിസിദ്ധിപ്പുകേവലം 41

ഭയപ്പെട്ടത്തിശാസിച്ചും_
കുഞ്ഞുങ്ങളെ വളർത്താലാ
അഭീഷ്ടങ്ങൾകാട്ടത്തന്നു_
മോമനിച്ചാദരിയ്ക്കണം 42

ശിശുവിൽ ദൈവവിശ്വാസ-
മുണ്ടാവാൻശ്രദ്ധവയ്ക്കണം
കൃഷ്ണലീലകൾതൊട്ടുള്ള
കഥചൊല്ലികൊടുക്കണം 43

കളിയ്ക്കാനുള്ളസമയം
കൃത്യമായ് നിശ്ചയിയ്ക്കണം
മനോമാലിന്യമുണ്ടാക്കും
കൂട്ടുകാരെത്യജിയ്ക്കണം 44

പാപചിന്തയകററീടാൻ
ഭജിച്ചീടണമീശനെ
ഭാവിനന്നാക്കുവാൻമാർഗ്ഗം
പലതും സംഗ്രഹിയ്ക്കണം 45

അജ്ഞാനമകലാനെൻറ-
യകതാരിൽ വിളങ്ങണം
വിജ്ഞാനനിധിയാംചാർത്തിൻ-
ഖാനിലക്ഷ്മി കണക്കിനെ 46

പ്രഭാതസൂര്യകിരണം
പ്രകാശംധരണിയ്ക്കുപോൽ
പ്രസാദനിധിയാംചാർത്ത-
പ്രഭാവം പരമാശ്രയം 47

വിനയംകൊണ്ടുശോഭിയ്ക്കും
വിദ്യ, വിദ്വൽ ജനങ്ങളാൽ
വിശേഷിപ്പിയ്ക്കിലേന്തനം
വിധാനായിഭവിച്ചിടും. 48

അറിവാകും സമുദ്രത്തി-
ന്നടിയിൽ ചെന്നുപററുവാൻ
അസംഖ്യം പണ്ഡിതന്മാരി-
ലാക്കുസാധിച്ചുമൂഴിയിൽ 49

ഗുരുവാക്കിന്നതിർവാക്ക-
പറഞ്ഞീടൊല്ലൊരിക്കലും
ഗുരുത്വം, മൂന്നക്ഷരത്തിൻ
മഹത്വം, മഹനീയമാം 50

കല്ലും മുള്ളും നിറഞ്ഞുള്ള
ജീവിതാധ്വാവിൽനിർഭയം
കുതിച്ചുപായാൻ സന്മാർഗ്ഗ-
ചരണം, ശരണം സദാ 51

ബാലമാനസഗേഹത്തിൽ
ഗുരുകത്തിച്ചകൈത്തിരി
കെടാവിളക്കായ്ശോഭിപ്പൂ
ജീവനുള്ളോരുനാൾവരെ 52

എരിയും പന്തമായ്ത്തീരാ-
മൊരുകാലത്തിലാത്തിരി
പ്രകാശം പ്രവഹിച്ചീടാം
ലോകത്തിന്നിരുൾമാററുവാൻ 53

എള്ളിലുള്ളെണ്ണപോൽവിശ്വം-
നിറയും ജഗദീശനെ
കാണുന്നിതകക്കാമ്പിൽ
ഗുരുവിന്റെയനുഗ്രഹാൽ 54

രാമനാമജപംമൂല_
മാമയങ്ങളകററുവാൻ
ആമഹാത്മജിയത്തിച്ചു_
നാമനുഷ്ഠിയ്ക്കുകാവ്രതം. 55

കലാപംവാനിനേകുന്ന
കലാപംവിട്ടനിത്യവും
കലേശാദികരം, വൈരത്താൽ
കലാശിപ്പതുമർത്ത്യർനാം. 56

ആത്മനിന്ദകരംപോലുംചെ_
യ്യരുതെന്നറിവുള്ളവൻ
ആത്മഹത്യമഹാപാപ_
മാചരിയ്ക്കുന്നുമറനവൻ 57

തന്നെത്താൻവലുതാക്കേണ്ട
തന്നെത്താഴ്ത്തരുതാരുമേ
ഭാവിഭയബ്ഭയവുംവേണ്ട_
ഭാവുകം വന്നുചേർന്നിടും. 58

ജീവിതാനുഭവംതന്നെ_
ദൈവനിശ്ചയമാകയാൽ
ഭാവിരൂപപ്പെടുത്തീടാൻ
നമുക്കെന്തധികാരമാം 59

നല്ലകാര്യങ്ങൾചെയ്യേണം
നന്മയ്ക്കായാഗ്രഹിയ്ക്കണം
ഫലംമറിച്ചുവന്നാലു_
മതിലൊട്ടും കലങ്ങൊലാ 60

പൌരുഷംകൊണ്ടെതിർക്കേണം
പലവിഘ്നങ്ങളെങ്കിലേ
ഫലിയ്ക്കു കർമ്മ,മെന്നെന്നും–
ശ്രമിയ്ക്ക വിജയത്തിനായ്. 61

ജ്ഞാനിയ്ക്കു ഹൃദി വർദ്ധിപ്പൂ
ജ്ഞാനമാർഗ്ഗണതൃഷ്ണകൾ
ധ്യാനിയ്ക്കു ദൈവമായ് വിദ്യാ
ദാനത്തെച്ചെയ്യുവോരെ നാം. 62

പ്രാപഞ്ചികസുഖം കാൺമൂ
പ്രാകൃതൻ പരമാർത്ഥമായ്
പ്രതിബോധനവാൻ തുച്ഛ–
പ്രായമായവതള്ളിടും. 63

അന്യന്മാരെദ്ദുഷിയ്ക്കാതെ–
യാത്മശോധന ചെയ്യുക
അപ്പോൾ കാണാമവരിലും
കൂടുതൽ തെററു നമ്മളിൽ 64

ആക്ഷേപവാക്ശരത്തെക്കാൾ
ശക്തികൂടിയൊരമ്പുകൾ
മർത്ത്യസൃഷ്ടിയിലില്ലേ, നാ–
മാക്ഷേപിയ്ക്കരുതാരെയും. 65

കുററവും കുറവും കാണാം
ദൃഷ്ടിയാൽ, സ്വസ്രഷ്ടരിൽ
ദിഷ്ടദുർദ്ദിഷ്ടസമ്പുഷ്ടം–
വിഷ്ടപം വിശ്വസിയ്ക്ക നാം 66

KOTTAYAM PUBLIC LI...
KOTT.

ശത്രുമിത്രങ്ങളെതമ്മിൽ
ഭേദമില്ലാതെകാണുവാൻ
രണ്ടുകണ്ണുകൾനമ്മൾക്കു
നല്കിനാൻജഗദീശ്വരൻ 67

താണജാതിയിലുള്ളോർ
വിദ്വാനെ, ധനവാനെയും
പൂജിപ്പൂബ്രാഹ്മണർപോലും
ജാതിയനൎത്ഥമാകുമേ 68

പുലയൻജഡ്ജിയായീടിൽ
പലരുംകാൽവണങ്ങിടും
പുലയൻമുള്ളുവെട്ടീടിൽ
പലരുംദൂരെമാററിടും. 69

ഇതാണുജാതിവ്യത്യാസ—
മെങ്കിലെന്തിതിനൎത്ഥമാം
തൊഴിലിന്നല്ലമാഹാത്മ്യം
മനുജന്നാണുനിശ്ചയം. 70

മനഃസംസ്കാരമുൽകൃഷ്ടം
മനസ്സാണുവിഭൂഷണം
മദമാത്സൎയ്യസച്ഛന്നൻ
മലിനൻ, മാനവൻ, ജളൻ 71

സൽപ്പേരുനിലനിന്നിടും
സൽഗുണംകൂടെവന്നിടും
സഹയാത്രക്കുദേഹിക്കു
സമ്പദാദികൾകൈവരാ 72

സൽസ്വഭാവം വളൎന്നിടാൻ
സദാനേരം ശ്രമിക്കണം
ദുസ്വഭാവിക്കുവൎദ്ധിക്കു-
മൎത്ഥമേററ മനൎത്ഥദം. 73

ആഹാരം സ്വശരീരത്തി-
ലലിഞ്ഞങ്ങിനെചേരുകിൽ
ആരോഗ്യമുളവായീടു-
മല്ലെന്നാൽ വന്നിടാംഫലം 74

അറിവാലാത്മസംസ്കാര-
മതുപോൽസംഭരിക്കണം
അകതാർതെളിവാനായ്നാ-
മാത്മശോധനചെയ്യണം. 75

വന്യജന്തുക്കൾതൻക്രൌൎയ്യം-
നേരെകണ്ടാലറിഞ്ഞിടാം
മനുജൻക്രൂരനായ്ത്തീൎന്നാൽ
മറിച്ചേവമറിഞ്ഞിടും 76

ഹൃദയത്തിൻെറസൌന്ദൎയ്യം-
വദനത്തിൽ തെളിഞ്ഞിടും
മനോഹരമുഖംനല്ല-
മനോഭാവം കുറിച്ചിടും 77

സദ്വാസനവളൎത്തീടാൻ
സദാനേരം ശ്രമിക്കണം
വേലചെയ്യാതിരുന്നീടിൽ
വേഗം നാം ചീത്തയായിടും. 78

വിധിനേരെമയതിത്തോരോ
വിധികല്പിയ്ക്കുമെങ്കിലും
വിധം മാററുതേനാനാ-
വിധമാകുന്നജീവിതം 79

ഗുണവാനാം മനുഷ്യന്റെ
തുണയാംഫലത്രജീവികൾ
ജീവിയ്ക്കണ, മഹോമർത്യൻ-
മനുഷ്യത്വം മറക്കൊലാ 80

സ്വർണ്ണസച്ഛടമാം ഹൃത്തിൻ
വർണ്ണഭംഗിമറച്ചിടും
ദുർന്നയങ്ങളകററീടാൻ
നിർണ്ണയം ശ്രദ്ധവയ്ക്കണം 81

നല്ലവസ്തുക്കളാണേററം-
വേഗത്തിൽച്ചീത്തയാവതും
പാലിലുപ്പല്പമേററീടിൽ-
പാഴിലായിബ്ഭവിച്ചിടും 82

ദുഷിയ്ക്കും കടലാസ്സേററം-
മഷിവീണപരക്കുകിൽ
ശരിയ്ക്കക്ഷരമായ്ത്തീർന്നാൽ
ഭരിയ്ക്കും പാരിടത്തിനെ 83

ജ്ഞാനസമ്പാദനത്തിന്നാ-
യാ, നാന്മുഖനേകിനാൻ
ഈനല്ലൊരുശരീരത്തിൽ
നന്മയേറിയഹൃത്തടം 84

ശരിക്കുപരിപാലിച്ചാൽ
വരിക്കുംവിജയമത്തനാം
ഉതിക്കുംചിത്തനൈർമ്മല്യം
മറക്കാനായിടാദ്ദൃഢം. 85

പതിവായിയുണൎന്നീടും–
പക്ഷിപോലും പുലൎച്ചയിൽ
പറന്നു ചിറകുംവീശി–
പ്പായുന്നു പണിചെയ്യുവാൻ 86

ഗളനാളങ്ങളിൽനിന്നു
കളഗാനംചൊരിഞ്ഞവ
തളൎന്നുടനുറങ്ങുമ്പോഴും–
തട്ടിനമ്മയുണൎത്തീടും 87

ത്രിസന്ധ്യകളിൽ വന്ദിപ്പൂ
ത്രിദിവാലംബജീവികൾ
ത്രിലോകനാഥനെപ്പേർത്തും–
തെററതിൽ ച്ചുററുവന്നിടാ, 88

തന്നെയോൎക്കാത്തനരനു
തന്നത്താനറിവേകുവാൻ
അന്യസൃഷ്ടിയിലേൎപ്പെട്ട–
പിന്നെയും ജഗദീശ്വരൻ 89

രാവിലെയുണരേണംശ്രീ–
രാമനാമംജപിക്കണം
രാവും പകലുമില്ലാതെ
സൽപ്രവൃത്തികൾ ചെയ്യണം. 90

ജന്മനാഗ്രണിയാം മർത്ത്യൻ-
സന്ദർഭം തന്നെയായാലും
കൃത്യാകൃത്യങ്ങൾ ചെയ്യിച്ചു
തവനെക്കൊണ്ടുനാൾക്കുനാൾ 91

ഉയരാനുള്ളമാർഗ്ഗങ്ങൾ
പാഴാക്കൊല്ലൊരുകാലവും
വിദ്യാർത്ഥിയായിരിക്കേണ
മുയിർനാശം വരുംവരെ 92

വിശപ്പും ദാഹവുംദേഹി-
ക്കുണ്ടുരണ്ടുവിധത്തിലായ്
മനുഷ്യൻ മാത്രമാണല്ലോ-
മനസ്സിന്നാർത്തിതീർപ്പവൻ 93

അക്ഷരാഭ്യാസമില്ലാത്തോ-
നിക്ഷിതിക്കൊരു ഭാരമാം
അക്ഷയശ്രീയശസ്സാളും
ഭാഗ്യവാൻതന്നെഭാഗ്യവാൻ 94

നരനും മൃഗവും തമ്മി-
ലകലം നിശ്ചയിക്കുവാൻ
വിശേഷബുദ്ധിയും ജ്ഞാന-
തൃഷ്ണയും നരനേകിപോൽ 95

പ്രാചീനദേശികന്മാർതൻ
പ്രഭാഷണപരമ്പര
പുസ്തകങ്ങളിൽവായിച്ചു-
പോഷിപ്പിക്കുന്നുമാനസം. 96

ആക്രമമേതൊരുകാലത്തും–
വരാനുള്ളതുവന്നിടും
വിരാമരഹിതംവിശ്വ–
സ്വഭാവമിതുനിർണ്ണയം. 97

ദാനത്താൽകരവുംനല്ല–
വാക്കിനാൽ രസനാഗ്രവും
സ്മിതത്താൽ മുഖവും, ശോഭി–
ക്കുന്നു, ചിത്തം ഗുണത്തിലും 98

നിന്ദിച്ചിടട്ടെ നിന്ദ്യന്മാർ–
വന്ദിച്ചിടട്ടെസത്തുകൾ
മനഃക്ഷോഭമുദിക്കേണ്ട–
മൌനംവിദ്വാനുഭൂഷണം 99

കലാകാരനുയർന്നീടാൻ–
കലാപോക്ഷികൾകേൾക്കണം
കലാശംപരിഹാസങ്ങൾ
കലാപംതന്നെയായ്‌വരും 100

ജാതീയും മതവുംകൊണ്ടും
വേലികെട്ടിത്തിരിക്കയാൽ
മാനനീയഗുണോൽകൃഷ്ടം–
മാനവത്വം നശിച്ചുപോയ്‌ 101

അച്ഛനും മകനും തമ്മിൽ–
തൊട്ടാൽ കുടികളിക്കണം
കഷ്ടം, മിയൊരനീതിക്കു
കൂട്ടുനിന്നിതുകേരളം 102

വിശാലഭുവനം, സ്വാത്ഥ-
വിചാരംപൂണ്ടമാനവൻ
വലംവച്ചുനടക്കുന്നു
വരച്ചിട്ടതിരിസ്സുവാൻ 103

ജന്മത്തിനല്ലമാഹാത്മ്യം-
കമ്മത്തിന്നാണുനിശ്ചയം
ബ്രഹ്മകമ്മമുപേക്ഷിച്ചാൽ
ബ്രഹ്മനംശാവുമൊപ്പമാം. 104

യജ്ഞോപവീതമിട്ടീടിൽ-
യാജ്ഞവല്ക്യനമായിടാ.
മനഃ കമ്മഃ വചഃ ശുദ്ധ്യാ-
ബ്രഹ്മജ്ഞാനമുദിസ്സണം 105

ഭാവനസ്സവളന്നീടാൻ-
ഉയരത്തിൽപറക്കണം
വിശാലവിയദങ്കത്തിൽ-
സ്വഛന്ദംപക്ഷിപോലവെ. 106

ചൂടുംവെളിച്ചവുംസൂയ്യൻ
വാരിദംവാരിധാരയും
കഷികൻസ്വയമപ്പിപ്പൂ-
ജീവികാംക്കശരീരവും 107

പലജീവിതമാഗ്ഗത്തി-
ലുൽകൃഷ്ടംകൃഷിജീവിതം
അവരെൻറതണലിൽത്തന്നെ
ജീവിപ്പൂപലജീവികാം 108

ജീവികൾക്കന്നദാതാവു–
ഭുവിതന്നൊരധിനായകൻ
പ്രാണികൾക്കുജഗൽപ്രാണൻ
ജയിപ്പൂതാക, കർഷകൻ 109

കനകംവിളയിക്കുന്നീ–
കനകക്കൈക്കവിളക്കുകൾ
പ്രകാശംനല്കിവിശ്വത്തിൻ–
പ്രഭാവത്തിൻനിദാനമായ് 110

മണ്ണിലാത്മാർപ്പണംചെയ്‌വാ–
നിവരില്ലാതിരിക്കുകിൽ
വായുംവയറുമെന്തിന്നായ്–
മററുള്ളോർക്കേകിനാന്മുഖൻ 111

ആപത്തുവരുമന്നേര–
മറിയാം ബന്ധുവിൻബലം
ആത്മാർത്ഥസ്നേഹമുള്ളോരാ–
ണവശ്യംവേണ്ടതൂഴിയിൽ. 112

നല്ലകാലത്തുസേവിപ്പാൻ–
വളരെപ്പേർവളഞ്ഞിടും
കഷ്ടകാലത്തിലവ്വണ്ണം
കൂട്ടുകാർ കൂട്ടുവിട്ടിടും. 113

സഹധർമ്മിണിയെക്കാളും–
സഹതാപസമന്വിതം
സ്നേഹസമ്പന്നനായുള്ള
സ്നേഹിതൻ സേവചെയ്തിടും 114

ഭാവിഭാസുരമല്ലെങ്കിൽ–
ഭാഗ്യപരീക്ഷ വെടിഞ്ഞിടാം
വിപത്തിൻമൂർച്ഛയാൽപ്പോലും–
സുഹൃത്തിൻ നിലതെററിടാ, 115

അന്തരംഗം തുറന്നോതാ–
മാത്മസ്നേഹിതരോടുനാം
അകംതുറന്നുകാട്ടാൻമ–
ററാരെയും വിശ്വസിക്കൊല്ല 116

വിശ്വാസവഞ്ചനംപോലെ–
വേറെയില്ലൊരുപാപവും
വിശ്വസിക്കാൻസുഹൃത്തുള്ളോൻ–
വിശ്വത്തിലഭികാമ്യനാം 117

ഏകനായൊരുകാലത്തു–
മേതുകാര്യംതുടങ്ങൊല്ല
ഏകയോഗസുഖംനേടാ–
നൈകമത്യംമഹാബലം 118

സമത്വം, പൂർണ്ണസൗഭാഗ്യം–
സാഹോദര്യമിവററയാൽ
ക്രമത്തിൽപരിശോഭിപ്പൂ–
മഹത്വംപൂണ്ടജീവിതം 119

പരസ്പരമഭിപ്രായം–
പറവാൻനാവിരിക്കവെ
പകരംവീട്ടുവാനാശ–
പരിതാപദമല്ലയോ 120

സാഗരത്തിന്നടിത്തട്ടി-
ലെത്തിയാൽമുത്തുകിട്ടിടും
വേഗത്തിൽകരയിൽചെന്നാൽ
വെറുതേകാററുകൊണ്ടിടാം. 121

ആശയം ശരിയായ്‌വിദ്യ-
ക്ലേശിച്ചുവശമാക്കണം
ആശങ്കാംശമിച്ചെന്നാ-
ലാശുമുന്നോട്ടുപോയിടാം 122

ജീവിതം മധുരിക്കുന്നു-
സംതൃപ്തിയുള്ളവാകുകിൽ
താണജീവികളിൽത്തങ്ങും-
താഴ്മകണ്ടുപഠിക്കു നാം. 123

വിശ്വത്തെ വിജയിപ്പിക്കും-
വിസ്മയാവഹമൌഷധം
വിശ്വാസിക്കുവിശേഷിച്ചും-
ശാശ്വത സ്നേഹമോർക്കണം 124

സ്നേഹമാണുജഗത്സർവ്വം-
സ്നേഹമാണു ജഗദ്ധനം
സ്നേഹമൈഹികദീപം, ഹാ-
സ്നേഹമേ, വിജയിക്കുനീ 125

★

KOTTAYAM PUBLIC LIBRARY
KOTTAYAM
Cl. No. MA 10 ............ Acc. No. 84596

This book should be returned on or before the date last stamped below.

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MA 10 84596

പരമേശ്വരൻ നായർ. പി

കുഞ്ഞുങ്ങളെ നിങ്ങൾക്കുവേണ്ടി